ഉത്തരം:

(എ) 46,403 എണ്ണം.
(ബി) 27,200 എണ്ണം.
(സി) 19,203 എണ്ണം.
(ഡി) 20 എണ്ണം.

പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ വിദ്യുച്ഛക്തി കണക്ഷനുകൾ

1254. [1879] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ കംപോണൻറ് പ്ലാനിൽപ്പെടുത്തി കണ്ണൂർ ജില്ലയിൽ 1984-85,1985-86 വർഷങ്ങളിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ വിദ്യുച്ഛക്തി കണക്ഷനുകൾ നൽകിയെന്നു വ്യക്തമാക്കാമോ;

(ബി) 1986-87 സാമ്പത്തിക വർഷം ഏതെല്ലാം കോളനികൾ വൈദ്യുതീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്?

ഉത്തരം

(എ) 1984-85-ൽ ഒൻപത്, 1985-86-ൽ പത്ത്.

(ബി) 25 കോളനികൾ. (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

നാവായിക്കുളം ഹരിജൻ കോളനികളുടെ വൈദ്യുതീകരണം

1255. [1880] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ നാവായിക്കുളം പഞ്ചായത്തിലെ ഹരിജൻ കോളനികൾ വൈദ്യുതീകരിക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവിടത്തെ എത്ര കോളനികൾ ഇതിനകം വൈദ്യുതീകരിച്ചു കഴിഞ്ഞിട്ടുണ്ടെന്നും അവ ഏതെല്ലാം കോളനികളാണെന്നും വ്യക്തമാക്കാമോ;

(സി) അവിടത്തെ ഇനിയും വൈദ്യുതീകരിച്ചിട്ടില്ലാത്ത കോളനികൾ കൂടി ഈ സാമ്പത്തിക വർഷത്തിൽ തന്നെ വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) ഉണ്ട്. വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച കോളനികളെല്ലാം വൈദ്യുതീകരിച്ചു കഴിഞ്ഞു.

(ബി) മൂന്ന്:

1. കൂൽചാലിൽ
2. വെട്ടിയറ പുന്നവിള
3. പുളിയറക്കോണം

(സി) ഈ സാമ്പത്തിക വർഷത്തിൽ വൈദ്യുതീകരിക്കാനായി വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരമുള്ള കോളനികളൊന്നും അവശേഷിക്കുന്നില്ല.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly